## മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം:- തദ്ദേശ സ്വയംഭരണ പ്ലാനിംഗ് വകുപ്പ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - തിരുവനന്തപുരം ജില്ല - പൂവച്ചൽ ഗ്രാമപഞ്ചായത്ത് പെരുംകുളം വില്ലേജ് പെട്രോൾപമ്പ് നിർമ്മാണത്തിന് ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. പൂവച്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02/06/2020 ലെ എ4/10197/15 നമ്പർ കത്ത്.

2. തിരുവനന്തപുരം ടൗൺ പ്ലാനറുടെ 07/10/2016 ലെ D/2420/16/K.Dis നമ്പർ കത്ത്.

---

### കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. D3/10066/16 തീയതി: 25 /08/2020

---

തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പെരുംകുളം വില്ലേജിൽ സർവ്വേ നമ്പർ 485/1, 485/2, 485/17 എന്നിവയിൽ ഉൾപ്പെട്ട അപേക്ഷകന്റെ പേരിലുള്ള 21.60 ആർ വസ്തുവിൽ നിന്നും 9.98 ആർ വസ്തു വേർതിരിച്ച് 238.18 ച.മീ (Ground floor 34.18 ച.മീ, കനോപ്പി.204 ച.മീ) വിസ്തീർണ്ണത്തിൽ പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. ബഷീർ.എം,കൈതക്കോണം ഹൗസ്, കാട്ടാക്കട (പി.ഒ), തിരുവനന്തപുരം എന്നയാളുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ- ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. നിർദ്ദിഷ്ട നിർമ്മാണം കെ.പി.ബി.ആർ 2011 ലെ ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ നിർമ്മാണാവകാശം, അളവുകൾ, സർവ്വേനമ്പറുകൾ, അതിർത്തികൾ, പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ല എന്നിവ സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും, ഈ ഭൂവിഭജനം/നിർമ്മാണം ചുറ്റുപാടിനെ പ്രതികൂലമായി ബാധിക്കുന്നില്ലെന്നും ഉറപ്പാക്കണം
2. ടി നിർമ്മാണം 19/04/2016 ലെ സർക്കുലർ നമ്പർ 130/ആർഎ1/തസ്വഭവ, സർക്കുലറിലെ വ്യവസ്ഥകൾ പാലിച്ചിരിക്കണം.
3. Pollution Control Board, Fireforce, ജില്ലാകളക്ടർ എന്നിവരുടെ NOC ലഭ്യമാക്കിയിരിക്കണം
4. ടി പമ്പിന്റെ പ്രവർത്തനം മൂലം പൊതുവഴിയിലെ ഗതാഗതം തടസ്സമാകുന്നില്ലെന്ന് ഉറപ്പുവരുത്തണം
5. Fuel tank-ന്റേയും vent pipe ന്റേയും സ്ഥാനവും നിർമ്മാണവും Petrolium Rules ന് വിധേയമായിരിക്കണം.

6. KPBR 2011 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിരിക്കണം

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ : 75 /2020**

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം പിൻ-695 103 തിരുവനന്തപുരം

ജയശ്രീ.പി.ആർ
ടൗൺ പ്ലാനർ

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

സെക്രട്ടറി, പൂവച്ചൽ ഗ്രാമപഞ്ചായത്ത്,പൂവച്ചൽ.പി.ഒ,
തിരുവനന്തപുരം-695575

പകർപ്പ്:-

1. ശ്രീ. ബഷീർ.എം,കൈതക്കോണം ഹൗസ്, കാട്ടാക്കട (പി.ഒ), തിരുവനന്തപുരം
   സീനിയർ ടൗൺ പ്ലാനർ, തിരുവനന്തപുരം
2. ടൗൺ പ്ലാനർ, തിരുവനന്തപുരം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

Sr24082020

53840

GOVERNMENT OF KERALA 2017-18